മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ):

(എ, ബി) ചന്ദ്രനു കമ്മീഷൻ ശുപാർശകൾ പോലീസുകാരെ സംബന്ധിച്ചിടത്തോളം മുഴുവനായി അംഗീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഒരു പോലീസുകാരന് ശമ്പളവും അലവൻസുമായി 48 രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

വികലാംഗരുടെ പ്രശ്നങ്ങൾ

*121 [130] ശ്രീ. കെ. അനിരുദ്ധൻ:

,, കല്ലട നാരായണൻ:

,, എൻ. സുബ്രഹ്മണ്യഷേണായ്:

,, പി. പി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗരുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു കമ്മീഷനെ നിയോഗിച്ചിരുന്നുവോ;

(ബി) എങ്കിൽ അതിൻമേലുള്ള റിപ്പോർട്ടു സമർപ്പിച്ചുവോ;

(സി) റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണ്;

(ഡി) അവയിൽ ഏതെല്ലാം ഇതിനകം നടപ്പിലാക്കിയെന്നു വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ:)

(എ) നിയോഗിച്ചിരുന്നു.

(ബി) സമർപ്പിച്ചു.

(സി, ഡി) പ്രസ്തുത റിപ്പോർട്ട് ഗവൺമെൻറ് ഔപചാരികമായി അംഗീകരിക്കേണ്ടതുണ്ട്. അതിനുമുമ്പ് അതിലെ ഉള്ളടക്കം മുഴുവനും വെളിപ്പെടുത്തുന്നത് ഉചിതമായിരിക്കുകയില്ല. എങ്കിലും പ്രധാന ശുപാർശകളിലൊന്നായ വികലാംഗ കോർപ്പറേഷൻ നിലവിൽവന്നുകഴിഞ്ഞു. കോർപ്പറേഷൻ നിലവിൽവന്നതുകൊണ്ട് കമ്മീഷൻറെ മറ്റു പല ശുപാർശകളും കോർപ്പറേഷൻ വഴി നടപ്പാക്കേണ്ടതാണ്. ഉദാ: വികലാംഗർക്കു വേണ്ടി തൊഴിൽദാനപദ്ധതി, വായ്പാ പദ്ധതി, വീടു നിർമ്മാണ സഹായ പദ്ധതി, കൃഷിയും മറ്റു കൈത്തൊഴിൽപദ്ധതി—ഇവ നടപ്പിൽ വരുത്തുന്നതിലേക്കുവേണ്ട നടപടി, കോർപ്പറേഷൻ ധൃതഗതിയിൽ എടുത്തുവരുന്നതായി അറിയുന്നു.

കോളേജുകളിലെ ഷിഫ്റ്റ് സമ്പ്രദായം

*122 [131] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പ്രീഡിഗ്രിക്ക് ഷിഫ്റ്റ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻറെ കാരണമെന്ത്;

(സി) ഏതെല്ലാം കോളേജുകളിലാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയതുകൊണ്ട് കോളേജു സ്റ്റാഫിനും നോൺടീച്ചിംഗ് സ്റ്റാഫിനും വല്ല ആനുകൂല്യങ്ങളും നൽകുവാനുദ്ദേശമുണ്ടോ;

(ഇ) എങ്കിൽ എന്തെല്ലാം;

(എഫ്) ഡിഗ്രി ക്ലാസിന് ഷിഫ്റ്റ് ഏർപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച് മുഹമ്മദുകോയ): (എ) ഉണ്ട്.

(ബി) കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ കൂടുതൽ വിദ്യാർത്ഥികളും പാസ്സായതുകൊണ്ട് കൂടുതൽ അപേക്ഷകർക്ക് അംഗീകൃത കോളേജുകളിൽ പ്രീഡിഗ്രി ക്ലാസിൽ പ്രവേശനം ലഭ്യമാക്കുന്നതിനു വേണ്ടിയാണ് ഷിഫ്റ്റ് ഏർപ്പെടുത്തിയത്.

(സി) ഈ വർഷം ഷിഫ്റ്റ് ഏർപ്പെടുത്തുന്നതിന് ഗവൺമെൻറ് അനുവാദം കൊടുത്തിട്ടുള്ള കോളേജുകളുടെ ലിസ്റ്റു മേശപ്പുറത്ത് വച്ചിട്ടുണ്ട്. *

(ഡി, ഇ) ഷിഫ്റ്റ് ഏർപ്പെടുത്തിയതുമൂലം കോളേജുകളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ സംഖ്യാവർദ്ധനവിനനുസരണമായി നിയമാനുസരണമുള്ള എല്ലാ ആനുകൂല്യങ്ങളും പ്രസ്തുത കോളേജുകളിലെ ടീച്ചിംഗും നോൺടീച്ചിംഗ് സ്റ്റാഫിന് ലഭ്യമാകുന്നതാണ് കൂടാതെ പ്രിൻസിപ്പാളൻമാർക്കും പ്രതിമാസം 200 (ഇരുന്നൂറു) രൂപ. സ്പെഷ്യൽ പേ അനുവദിച്ചിട്ടുണ്ട്.

(എഫ്) ഇപ്പോൾ ഉദ്ദേശമില്ല.

ബുക്ക് പബ്ലിഷിങ്ങ് ഫൈനാൻസ് കോർപ്പറേഷൻ രൂപീകരണം

* 123 [132] ശ്രീ. പി. ശങ്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നല്ല പുസ്തകങ്ങളുടെ പ്രസിദ്ധീകരണത്തിനു മുൻതൂക്കം ഇറക്കാൻ കഴിയാത്തതിനാൽ പ്രസാധകൻമാർ വിഷമിക്കുന്നുവെന്നതിന് പരിഹാരമായി ഒരു "ബുക്ക് പബ്ലിഷിങ്ങ് ഫൈനാൻസ് കോർപ്പറേഷൻ" രൂപീകരിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അതേപ്പറ്റി ആലോചിക്കാൻ തയ്യാറാകുമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): (എ, ബി) ബുക്ക് ഡവലപ്പ്മെൻറ് ഫിനാൻഷ്യൽ കോർപ്പറേഷൻ രൂപീകരിക്കുന്ന കാര്യം ഇപ്പോൾ ഗവൺമെൻറിന്റെ പരിഗണനയിലില്ല.

ടെലിവിഷൻ സെൻറർ

* 124 [133] ശ്രീ. കെ. ജെ. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് അനുവദിച്ചിട്ടുണ്ടെന്നു പറയുന്ന ടെലിവിഷൻ സെൻറർ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് വല്ല അറിവും ലഭിച്ചിട്ടുണ്ടോ;

* അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly